**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1187** **10-08-2023 - ൽ മറുപടിയ്ക്ക്**

**മന്ത്രിസഭയുടെ അംഗീകാരത്തോടെ മത്സ്യ ബന്ധന വകുപ്പ് നടപ്പാക്കിയിട്ടുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ധനകാര്യവകുപ്പിന്റെ അനുമതിയില്ലാതിരുന്നിട്ടും മന്ത്രിസഭയുടെ അംഗീകാരത്തോടെ മത്സ്യബന്ധന വകുപ്പ് നടപ്പാക്കിയിട്ടുള്ള പദ്ധതികൾ, പ്രവർത്തനങ്ങൾ, തീരുമാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ധനകാര്യ വകുപ്പിന്റെ അനുമതിയില്ലാതിരുന്നിട്ടും മന്ത്രിസഭയുടെ അംഗീകാരത്തോടെ പുനർഗേഹം പദ്ധതിക്കായി 42.75 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) | മേൽപ്പറഞ്ഞ ഓരോ വിഷയത്തിലും ധനകാര്യ വകുപ്പ് നൽകിയ റിമാർക്ക്സ് എന്തായിരുന്നു; ഓരോ തീരുമാനവും സംബന്ധിച്ച ക്യാബിനറ്റ് നോട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഓരോന്നും നടപ്പാക്കിയതിലൂടെ എത്ര രൂപയുടെ ബാധ്യത ഉണ്ടായതായി കണക്കാക്കുന്നു; വിശദാംശം നൽകാമോ? | (ബി) | ധനകാര്യ വകുപ്പ് നൽകിയ റിമാർക്സ്, ക്യാബിനറ്റ് നോട്ടിന്റെ പകർപ്പ് എന്നിവ അനുബന്ധമായി ചേർക്കുന്നു. പുനർഗേഹം പദ്ധതിയ്ക്കായി 42.75 കോടി രൂപയാണ് അനുവദിച്ചത് |

സെക്ഷൻ ഓഫീസർ

അനുബന്ധം



**Note # 11**

**Dev-4/207/2022-FIN(E:2155626)** **Finance(Dev-Wing)Dept**

**FandP-C2/471/2022-FandP (E:2223418) Dated: 05-12-2022**

Administrative Department is informed that the current fund availability necessitates prioritization, and the resource space does not permit additional allocation.

This has the approval of Hon'ble Minister of Finance.

MADHUSOODANAN NAIR T.S

അണ്ടർ സെക്രട്ടറി

For Additional Chief Secretary (Finance)

---

**05/12/2022 12:59 PM** **AMALA VANI J S**
**SO(DEV,FIN)**

---

Scanned with CamScanner

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽനമ്പർ | സി2/471/2022/മ.ഇ.വ |
| 2. | വകുപ്പ് | മത്സ്യബന്ധന തുറമുഖ (സി) വകുപ്പ് |
| 3. | വിഷയം | പുനർഗേഹം പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് 42.75 കോടി രൂപ അഡീഷണൽ ആതറൈസേഷൻ മുഖേന അനുവദിക്കുന്നത് -സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 27/12/2022 |
| 5. | (i) ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? | അതെ |
| | (ii) സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | ശ്രീ. ടി.എസ്. പ്രവീൺ കുമാർ |
| 8. | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീ. കെ.എസ്. ശ്രീനിവാസ്. ഐ.എ.എസ് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 27/12/2022 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വി.പി. ജോയ് ഐ.എ.എസ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 27/12/2022 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. വി. അബ്ദുറഹിമാൻ |

| | | |
|---|---|---|
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 27/12/2022 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 27/12/2022 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

6822287/2022/F & P (OS)

5551319/2022

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

പുനർഗേഹം പദ്ധതിക്ക് തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ടുള്ളതാണ് ഈ കുറിപ്പ്.

2) തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ കടലാക്രമണ ഭീഷണിയിൽ കഴിയുന്ന മുഴുവൻ ജനവിഭാഗങ്ങളെയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിന് 26/12/2019 ലെ സ.ഉ.(സാധാ) നമ്പർ 1009/2019/മതുവ പ്രകാരം പുനർഗേഹം പദ്ധതിക്ക് ഭരണാനുമതി നൽകി ഉത്തരവായിരുന്നു. പുനർഗേഹം പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് 42.75 കോടി രൂപ അടിയന്തരമായി 4405-00-103-89-34-03(P) ശീർഷകത്തിൽ അഡീഷണൽ ആതറൈസേഷൻ മുഖേന അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഫിഷറീസ് ഡയറക്ടർ അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ ഫയൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിനയച്ചപ്പോൾ ആ വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"Administrative Department is informed that the current fund availability necessitates prioritization and the resource space does not permit additional allocation.

This has the approval of Hon'ble Minister of Finance.".

3) നിലവിൽ ഭൂമി രജിസ്ട്രേഷൻ പൂർത്തിയാക്കിയവരും ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾ പൂർത്തീകരിച്ചവരുമായ ഗുണഭോക്താക്കൾക്ക് പദ്ധതി ആനുകൂല്യം നൽകേണ്ടതുണ്ട്. കൂടാതെ വസ്തുവിന്റെ വില കൈപ്പറ്റാതെ ഭൂമി രജിസ്റ്റർ ചെയ്തു കൊടുത്ത ഭൂവുടമകൾക്കും അടിയന്തരമായി തുക നൽകേണ്ടതുണ്ട്. തുക അനുവദിക്കുന്നതിൽ കാലതാമസമുണ്ടായാൽ മത്സ്യത്തൊഴിലാളികൾക്ക് ആരും ഭൂമി നൽകാത്ത സാഹചര്യമുണ്ടാകാനും പുനർഗേഹം പദ്ധതിയെക്കുറിച്ച് പൊതുജനങ്ങൾക്കിടയിൽ അവമതിപ്പുണ്ടാക്കാനും ഇടയാകും. മേൽ സാഹചര്യത്തിൽ ഈ വിഷയത്തിൽ തീരുമാനം കൈക്കൊള്ളുന്നതിനായി ഫയൽ ബഹു. മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ഉത്തരവായി.

### തീരുമാനിക്കേണ്ടവിഷയം

പുനർഗേഹം പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് 4405- 00-103-89-34-03(P) എന്ന ശീർ ഷകത്തിൽ 42.75 കോടി രൂപ അഡീഷണൽ ആതറൈസേഷൻ മുഖേന അനുവദിക്കുന്നതിന് ധനവകുപ്പിന് നിർദ്ദേശം നൽകാമോ?